"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ് - ഭൂജല വകുപ്പിലെ ജൂനിയർ ജിയോഫിസിസ്റ്റിന്റ് തസ്തികയിലേയ്ക്ക് ജിയോഫിസിക്സ്/ഫിസിക്സ് എന്നിവയോടൊപ്പം മറൈൻ ജിയോഫിസിക്സ് കൂടി മുഖ്യ യോഗ്യതയായി ഉൾപ്പെടുത്തിക്കൊണ്ട് - ഉത്തരവ്-പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ഭൂജല) വകുപ്പ്**

സ.ഉ.(കൈ) നം.8/2026/WRD തീയതി,തിരുവനന്തപുരം, 24-01-2026

---

പരാമർശം:-

1. G.O.(P)No.32/92/Ir.D തീയതി 30.07.1993
2. G.O.(Ms)No.66/2010/WRD തീയതി 21.10.2010.
3. കുസാറ്റ് എം.എസ്.സി. മറൈൻ ജിയോഫിസിക്സ് വിദ്യാർത്ഥികളുടെ 01.12.2021 തീയതിയിലെ നിവേദനം.
4. ഭൂജല വകുപ്പ് ഡയറക്ടറുടെ 02.06.2022 തീയതിയിലെ ഇ(2)/841/2022/ഡി.ജി.ഡബ്ല്യ. നമ്പർ കത്ത്.
5. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 06.102024 തീയതിയിലെ A8-3/09/2021/KPSC നമ്പർ കത്ത്.
6. ഭൂജല വകുപ്പ് ഡയറക്ടറുടെ 14.01.2026 തീയതിയിലെ DGWD/975/2022-E2 നമ്പർ കത്ത്.
7. എം.എസ്.സി. മറൈൻ ജിയോഫിസിക്സ് ഡിഗ്രി ഹോൾഡേഴ്സ് സമർപ്പിച്ച 22.01.2026 തീയതിയിലെ നിവേദനം.

**<u>ഉത്തരവ്</u>**

ഭൂജല വകുപ്പിലെ ജിയോഫിസിക്സ് വിഭാഗം ബ്രാഞ്ചിലേയ്ക്ക് (Branch III-Geophysics) എം.എസ്സ്.സി മറൈൻ ജിയോഫിസിക്സ് മുഖ്യ യോഗ്യതയായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് എം.എസ്സ്.സി മറൈൻ ജിയോഫിസിക്സ് വിദ്യാർത്ഥികൾ പരാമർശം (3) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു. പ്രസ്തുത നിവേദനത്തിന്മേൽ ഭൂജല വകുപ്പ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ഭൂജലവകുപ്പിലെ സീനിയർ ജിയോഫിസിസിസ്റ്റ്-ന്റെ വിഭ്യാഭ്യാസ യോഗ്യത ഫിക്സ് ചെയ്തുകൊണ്ടുള്ള പരാമർശം (2) സർക്കാർ ഉത്തരവിൽ എം.എസ്സ്.സി ജിയോഫിസിക്സ് , ഫിസിക്സ്, എം.എസ്സ്.സി മറൈൻ ജിയോഫിസിക്സ് എന്നിവ തുല്യ പ്രാധാന്യത്തോടെ അംഗീകരിച്ചു വന്നിട്ടുള്ളതിനാൽ ജൂനിയർ ജിയോഫിസിസിസ്റ്റ് -ന്റെ ക്വാളിഫിക്കേഷൻ ഫിക്സ് ചെയ്യുമ്പോൾ യു.പി.എസ്.സി. അംഗീകരിച്ചിട്ടുള്ള ക്വാളിഫിക്കേഷനുകൾ തുല്യ പ്രാധാന്യത്തോടുകൂടി അംഗീകരിച്ച്

സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്താവുന്നതാണെന്ന് പരാമർശം (4) പ്രകാരം ഭൂജല വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും സീനിയർ ജിയോഫിസിസിസ്റ്റ് തസ്തികയുടെ യോഗ്യതകളിൽ ഒന്നായി എം.എസ്സ്.സി മറൈൻ ജിയോഫിസിക്സ് ഫിക്സ് ചെയ്തിട്ടുള്ളതിനാൽ ജൂനിയർ ജിയോഫിസിസിസ്റ്റ് തസ്തികയ്ക്കു കൂടി പ്രസ്തുത യോഗ്യത ബാധകമാക്കാവുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പിലെ ജിയോഫിസിക്സ് ബ്രാഞ്ചിന്റെ യോഗ്യതയിൽ മറൈൻ ജിയോഫിസിക്സ് കൂടി ഉൾപ്പെടുത്തി പരാമർശം (1) സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുവാൻ തീരുമാനിക്കുകയും നടപടിക്രമങ്ങളുടെ ആദ്യഘട്ടമായി സ്പെഷ്യൽ റൂൾ ഭേദഗതിയുടെ കരട് വിജ്ഞാപനം സംബന്ധിച്ച് സർവ്വീസ് സംഘടനാ പ്രതിനിധികൾ, ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ്, നിയമവകുപ്പ് എന്നിവരെ ഉൾപ്പെടുത്തി ചർച്ച നടത്തുകയും ചെയ്തിരുന്നു.

2. ജിയോഫിസിസിസ്റ്റ്/ജൂനിയർ ജിയോഫിസിസിസ്റ്റ് തസ്തികകളുടെ യോഗ്യതയായി എം.എസ്.സി. മറൈൻ ജിയോഫിസിക്സ് കൂടി നിശ്ചയിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്ന പക്ഷം, പ്രസ്തുത തസ്തികയുടെ ജോലി സ്വഭാവം പരിശോധിച്ച് ടി തസ്തികയിലെ ചുമതലകൾ നിർവ്വഹിക്കുന്നതിന് ടി യോഗ്യത അനുയോജ്യമാണോ എന്നത് പരിശോധിക്കുന്നതായിരിക്കും ഉചിതമെന്ന് പരാമർശം (5) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടി തസ്തികകളിലെ ജോലിസ്വഭാവം അനുസരിച്ചുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് എം.എസ്.സി. ജിയോഫിസിക്സ്/ഫിസിക്സ് എന്നിവയോടൊപ്പം എം.എസ്.സി. മറൈൻ ജിയോഫിസിക്സ് യോഗ്യത അനുയോജ്യമാണോ എന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി ശിപാർശ ലഭ്യമാക്കുവാൻ ഭൂജല വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. അതിൻപ്രകാരം ഭൂജല വകുപ്പ് ഡയറക്ടർ പരാമർശം (6) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ, ജൂനിയർ ജിയോഫിസിസിസ്റ്റ്/ജിയോഫിസിസിസ്റ്റ് എന്നീ തസ്തികകളിലെ ജോലി സ്വഭാവം അനുസരിച്ച് ടി തസ്തികകളിലെ ചുമതലകൾ നിർവ്വഹിക്കുന്നതിനും ജിയോഫിസിക്കൽ തസ്തികകളിലെ നേരിട്ടുള്ള നിയമനത്തിനുള്ള യോഗ്യതകളിൽ എം.എസ്.സി. ഫിസിക്സ്, എം.എസ്.സി. ജിയോഫിസിക്സ് എന്നിവയോടൊപ്പം എം.എസ്.സി. മറൈൻ ജിയോഫിസിക്സും തുല്യമായി പരിഗണിച്ച് വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ വിശേഷാൽ ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

3. കാറ്റഗറി നമ്പർ 468/2024 പ്രകാരം ജൂനിയർ ജിയോഫിസിസിസ്റ്റ് തസ്തികയിലേയ്ക്ക് കേരള

പി.എസ്.സി. 24.10.2025-ന് നടത്തിയ പരീക്ഷയെഴുതിയ എം.എസ്.സി. മറൈൻ ജിയോഫിസിക്സ് ബിരുദധാരികളോട് യോഗ്യത തെളിയിക്കുന്നതിനുള്ള തുല്യതാ സർട്ടിഫിക്കറ്റോ അല്ലെങ്കിൽ സർക്കാർ ഉത്തരവോ ഹാജരാക്കുവാൻ പി.എസ്.സി. നിർദ്ദേശിച്ചിട്ടുള്ളതിനാൽ ഭൂജല വകുപ്പിലെ ജൂനിയർ ജിയോഫിസിസിസ്റ്റ് തസ്തികയിലേക്ക് ജിയോഫിസിക്സ്/ഫിസിക്സ് എന്നിവയോടൊപ്പം മറൈൻ ജിയോഫിസിക്സ് കൂടി മുഖ്യ യോഗ്യതയായി ഉൾപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (7) പ്രകാരമുള്ള നിവേദനം ലഭ്യമായിരുന്നു. കേരളത്തിൽ ജിയോഫിസിക്സ്, മറൈൻ ജിയോഫിസിക്സ് എന്നീ വിഷയങ്ങൾ കുസാറ്റൊഴികെ മറ്റൊരു യൂണിവേഴ്സിറ്റിയിലുമില്ലാത്തതിനാൽ തുല്യതാ സർട്ടിഫിക്കറ്റ് ലഭിക്കാത്ത സാഹചര്യത്തിലാണ് പ്രസ്തുത നിവേദനം സർക്കാരിൽ ലഭ്യമാക്കിയിരുന്നത്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ജിയോഫിസിക്സ് ബ്രാഞ്ചിന്റെ യോഗ്യതയിൽ മറൈൻ ജിയോഫിസിക്സ് കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശേഷാൽ ചട്ടം ഭേദഗതി നടപടികൾ പൂർത്തിയാകുന്നതിന് കാലതാമസം വരുമെന്നതിനാലും ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുമ്പാകെ യോഗ്യത തെളിയിക്കേണ്ട അടിയന്തിര സാഹചര്യം കണക്കിലെടുത്തും ഭൂജല വകുപ്പിലെ ജൂനിയർ ജിയോഫിസിസിസ്റ്റ് തസ്തികയിലേക്ക് ജിയോഫിസിക്സ്/ഫിസിക്സ് എന്നിവയോടൊപ്പം മറൈൻ ജിയോഫിസിക്സ് കൂടി ഉൾപ്പെടുത്തി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DEEPA N C
ജോയിന്റ് സെക്രട്ടറി

**പകർപ്പ്**

1. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ. തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. ഡയറക്ടർ, ഭൂജല വകുപ്പ്.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള.
4. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്.
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Julie K S
സെക്ഷൻ ഓഫീസർ
Date: 24-01-2026 18:49:14